**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 10** **05-12-2022 - ൽ മറുപടിയ്ക്ക്**

**മന്ത്രിമാർക്ക് വാങ്ങിയ പുതിയ വാഹനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. അനൂപ് ജേക്കബ്</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാർക്ക് നൽകുന്നതിനായി എത്ര പുതിയ വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്;</td><td>(എ)</td><td>4 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പുതിയ വാഹനം നൽകിയ മന്ത്രി, വാഹനങ്ങൾ, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;</td><td>(ബി)</td><td>സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.</td></tr>
<tr><td>(സി)</td><td>നിലവിൽ മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി എത്ര പുതിയ വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്; ആയതിന് ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ?</td><td>(സി)</td><td>മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് നാല് ലൈറ്റ് മോട്ടോർ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.<br><table><tr><th>Sl No.</th><th>Type of Vehicle</th><th>Amount</th></tr><tr><td>1</td><td>Innova Crysta 2.4Z (Black)</td><td>Rs. 23,17,739</td></tr><tr><td>2</td><td>Innova Crysta G Plus<br>(2 Nos.)</td><td>Rs. 32,21,570</td></tr><tr><td>3</td><td>KIA Carnival 8 AT Limousine</td><td>Rs. 33,30,532</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ

അനന്തപുരം



"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി, സഹകരണ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി, കായിക-വഖഫ്-ഹജ്ജ്തീർത്ഥാടനം-റെയിൽവേ-പോസ്റ്റൽ-ടെലിഗ്രാഫ് വകുപ്പ് മന്ത്രി, ഗവ. ചീഫ് വിപ്പ്, എന്നിവർക്കായി 4 പുതിയ ടൊയോട്ട ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര(സി) വകുപ്പ്

സ.ഉ.(അച്ചടി) നം.3/2022/TSM    തീയതി,തിരുവനന്തപുരം, 10-11-2022

---

**ഉത്തരവ്**

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി, ബഹു. സഹകരണ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി, ബഹു. കായിക-വഖഫ്-ഹജ്ജ്തീർത്ഥാടനം-റെയിൽവേ-പോസ്റ്റൽ-ടെലിഗ്രാഫ് വകുപ്പ് മന്ത്രി, ബഹു. ഗവ. ചീഫ് വിപ്പ് എന്നിവർ ഉപയോഗിച്ചു വരുന്ന വാഹനങ്ങൾ വളരെ കാലപ്പഴക്കമുള്ളതാണെന്നും, 2 ലക്ഷത്തിലധികം കിലോമീറ്റർ ഓടിയിട്ടുണ്ടെന്നും, ഇക്കാരണത്താൽ നിരവധി തവണ അറ്റകുറ്റ പണികൾ നടത്തേണ്ട സാഹചര്യമുണ്ടാകുന്നതിനാൽ ദീർഘദൂരയാത്രകൾക്ക യോഗ്യമല്ലെന്നും, ആയതിനാൽ പുതിയ വാഹനം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി, ബഹു. സഹകരണ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി, ബഹു. കായിക-വഖഫ്-ഹജ്ജ്തീർത്ഥാടനം-റെയിൽവേ-പോസ്റ്റൽ-ടെലിഗ്രാഫ് വകുപ്പ് മന്ത്രി, ബഹു. ഗവ. ചീഫ് വിപ്പ് എന്നിവരുടെ ഔദ്യോഗിക ആവശ്യത്തിനായി 4 പുതിയ ടൊയോട്ട ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾ 3452-01-103-99-Transport-21-Motor vehicle-01-purchase of vehicle (NP) ശീർഷകത്തിൽ നിന്നും 130 ലക്ഷം രൂപ (ഒരു കോടി മുപ്പതു ലക്ഷം രൂപ മാത്രം) ചെലവിൽ വാങ്ങുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക ഭരണാനുമതി നൽകി ഉത്തരവാകുന്നു.

- പുതിയ നാല് വാഹനങ്ങൾ വാങ്ങുമ്പോൾ പഴയ നാല് വാഹനങ്ങൾ കണ്ടം ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കണം.

- വിനോദസഞ്ചാര വകുപ്പിൽ കണ്ടം ചെയ്യുന്നതിന് പ്രാപ്തമായ വാഹനങ്ങൾ ഇല്ലെങ്കിൽ മറ്റു വകുപ്പുകളിൽ കണ്ടം ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് പകരമായി ഈ നാലു വാഹനങ്ങൾ നൽകണം.

- ഇന്ധന വിലയിൽ അഭൂതപൂർവമായിട്ടുള്ള കുതിപ്പ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ബഹു. മന്ത്രിമാർക്ക് പുതിയ വാഹനം അനുവദിക്കുമ്പോൾ അവർ ഉപയോഗിച്ചുവരുന്ന പഴയ വാഹനങ്ങൾ അധികമായി ടൂറിസം വകുപ്പിൽ നിലനിർത്താൻ അനുവദിക്കാൻ ആവില്ല.

3) മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ച റിപ്പോർട്ട് സഹിതം, പർച്ചേസ് നടപടികൾ പൂർത്തിയാക്കി payment due ആകുന്ന മുറയ്ക്ക് അധിക ധനാനുമതി പ്രൊപ്പോസൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

1. ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
2. ധനകാര്യ വകുപ്പ് (1863520/വ്യയം -ബി3/266/2021 -ധന നം ഫയൽ പ്രകാരം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് i & ആഡിറ്റ് ii) കേരള, തിരുവനന്തപുരം
5. പൊതുഭരണ( എസ് സി ) വകുപ്പ്
6. വിവര പൊതുജന സമ്പർക്ക വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sandhya T**
**Date: 11-11-2022 11:24:00**
സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പി എസ്
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പി എസ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി എസ്
സഹകരണ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ പി എസ്
കായിക-വഖഫ്-ഹജ്ജ്തീർത്ഥാടനം-റെയിൽവേ-പോസ്റ്റൽ-ടെലിഗ്രാഫ് വകുപ്പ് മന്ത്രിയുടെ പി എസ്
ഗവ. ചീഫ് വിപ്പിന്റെ പി എസ്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ